# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 245 23.01.2018 ൽ മറുപടിയ്ക്ക്**

**ചന്ദ്രിക വെൽഫെയർ ചാരിറ്റബിൾ ട്രസ്റ്റിന്റെ വാഹനം കോൺട്രാക്ട് ക്യാരേജ് ആക്കുന്നതിനു നടപടി**

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ചന്ദ്രിക വെൽഫെയർ ചാരിറ്റബിൾ ട്രസ്റ്റിന്റെ KL 53 K 5295 എന്ന വാഹനത്തിന്റെ ഉപയോഗം കോൺട്രാക്ട് കാരേജ് ആക്കുന്നത് സംബന്ധിച്ച ഫയലിന്റെ അവസ്ഥ ലഭ്യമാക്കുമോ; | (എ) | ചന്ദ്രിക വെൽഫെയർ ചാരിറ്റബിൾ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള ആംബുലൻസായി രജിസ്റ്റർ ചെയ്തിട്ടുള്ള KL-53-K-5295 വാഹനത്തിന്റെ ഉപയോഗം കോൺട്രാക്ട് ക്യാരേജ് ആക്കുന്നത് സംബന്ധിച്ച് ശ്രീ.കെ.പി.എ.മജീദ് സമർപ്പിച്ച അപേക്ഷ 93/ബി2/2017/ഗതാ. നമ്പർ ഫയലിൽ പരിശോധിച്ചിരുന്നു. ആംബുലൻസായി രജിസ്റ്റർ ചെയ്തിരിക്കുന്ന വാഹനം കോൺട്രാക്ട് ക്യാരേജായി രൂപമാറ്റം വരുത്തുന്നത് 1988-ലെ മോട്ടോർ വാഹനനിയമം വകുപ്പ് 52 ന്റെ ലംഘനമായതിനാൽ ഇത്തരത്തിൽ വാഹനങ്ങളുടെ ഘടനയിൽ വ്യത്യാസം വരുത്തുന്ന തരത്തിലുള്ള രൂപമാറ്റങ്ങൾ അനുവദിക്കാൻ നിലവിലുള്ള നിയമപ്രകാരം വ്യവസ്ഥയില്ലാത്തതിനാൽ അപേക്ഷയിലെ ആവശ്യം നിരസിച്ച് വിവരം അപേക്ഷകനെ അറിയിച്ചിട്ടുള്ളതാണ്. |
| (ബി)<br><br>(സി) | ഇത്തരത്തിൽ ഉപയോഗം മാറ്റുന്നതിലൂടെ വകുപ്പിന് ടാക്സ് കൂടുതൽ ലഭിക്കുമെന്ന കാര്യം പരിശോധിക്കുമോ;<br><br>ഇത് സംബന്ധിച്ച ഫയൽ കൂടുതൽ പരിശോധനയ്ക്ക് അയക്കുവാനും നടപടി സ്വീകരിക്കുവാനും തയ്യാറാകുമോ; വ്യക്തമാക്കുമോ? | (ബി) & (സി) | ഇത്തരത്തിൽ വാഹനങ്ങളുടെ ഘടനയിൽ വ്യത്യാസം വരുത്തുന്ന തരത്തിലുള്ള രൂപമാറ്റങ്ങൾ അനുവദിക്കാൻ നിലവിലുള്ള നിയമപ്രകാരം വ്യവസ്ഥയില്ലാത്തതിനാൽ ടാക്സ് കൂടുതൽ ലഭിക്കുമോയെന്നുള്ള കാര്യം മുൻനിർത്തി ഇക്കാര്യം പരിഗണിക്കാനാവില്ല. |

സെക്ഷൻ ഓഫീസർ